# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 815 — 07.02.2013 ൽ മറുപടിക്ക്

**ട്രോമാകെയർ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയിൽ കഴക്കൂട്ടത്തിനും പാരിപ്പള്ളിക്കുമിടയിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളിൽ പരിക്ക് പറ്റുന്നവർക്ക് അടിയന്തിര ചികിത്സ ലഭിക്കുവാൻ ആറ്റിങ്ങൽ, വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തണമെന്ന ശുപാർശയിന്മേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) പ്രസ്തുത ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ടിനായുള്ള പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിന് ആശുപത്രികൾക്ക് കേന്ദ്രസഹായം ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ? | (ബി) ഉണ്ട്.<br>ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും മിനിമം 100 ബെഡ്സ് എങ്കിലുമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികൾ സ്ഥിതി ചെയ്യുന്ന ലൊക്കേഷനും കൂടി പരിഗണിച്ച് താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് കേന്ദ്രസഹായം നിശ്ചയിക്കുന്നത്.<br>1) തലസ്ഥാന നഗരികളെ ബന്ധിപ്പിക്കുന്ന ദേശീയപാതകൾ<br>2) തലസ്ഥാന നഗരങ്ങൾക്കു പുറമെ പ്രധാന നഗരങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന പാതകൾ.<br>3) തലസ്ഥാന നഗരികളെയും തുറമുഖങ്ങളെയും ബന്ധിപ്പിക്കുന്ന പ്രധാന പാതകൾ. |

4) തലസ്ഥാന നഗരങ്ങളെയും
വ്യാവസായിക ടൗൺഷിപ്പ് ഉള്ള
പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന
പ്രധാന പാതകൾ
5) ആദിവാസി, പിന്നോക്ക
മലമ്പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന
ദേശീയപാതകൾ

സെക്ഷൻ ഓഫീസർ